# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3323** 19-06-2019-ൽ
മറുപടി നൽകേണ്ടത്

## ഉന്നതവിദ്യാഭ്യാസരംഗത്തെ പാഠ്യപദ്ധതി സജ്ജമാക്കാൻ നടപടി

ചോദ്യം | ഉത്തരം

**പ്രൊഫ.കെ.യു.അരുണൻ**
**ശ്രീ.എ.എൻ.ഷംസീർ**
**ശ്രീ.എം.രാജഗോപാലൻ**
**ശ്രീ.ജോൺ ഫെർണാണ്ടസ്**
:
**ഡോ. കെ .ടി. ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പ്രതിലോമശക്തികളുടെ നുഴഞ്ഞുകയറ്റം ചെറുത്ത് മതേതരസമത്വ സമൂഹം സൃഷ്ടിക്കുന്നതിനുതകുന്ന വിജ്ഞാനോല്പാദനം സാധ്യമാകുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പാഠ്യപദ്ധതി സജ്ജമാക്കാൻ പരിപാടിയുണ്ടോ; | (എ) | മതേതരത്വം, സംസ്കാരികത, പുരോഗമനോന്മുഖമായി വിജ്ഞാനോല്പാദനം എന്നിവ സാധ്യമാകും വിധമാണ് സർവ്വകലാശാലകളിൽ പാഠ്യപദ്ധതികൾ സജ്ജമാക്കിയിട്ടുള്ളത്. |
| (ബി) | വിദ്യാർത്ഥികളിൽ വിജ്ഞാനോത്സുകതയും ഗവേഷണതാല്പര്യവും വളർത്തുന്നതിനുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ; | (ബി) | വിദ്യാർത്ഥികളിൽ വിജ്ഞാനോത്സുകത വളർത്തുന്നതിനായി സർവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, ശില്പശാലകൾ, വിവിധ കോഴ്സുകൾ തുടങ്ങിയവ നടത്താറുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സ്കൂൾതല വിദ്യാർത്ഥികളിൽ വിജ്ഞാനോത്സുകയും ഗവേഷണ താത്പര്യവും വളർത്തുന്നതിന്റെ ഭാഗമായി Centre for Science in Society (C-SIS) എന്ന സ്ഥാപനം നിലവിലുണ്ട്. C-SIS ൽ എല്ലാ മദ്ധ്യവേനലവധിക്കാലത്തും ശാസ്ത്രപരിചയം നൽകുന്നതിനു വേണ്ടിയുള്ള Short term |

| | | | |
|---|---|---|---|
| | | | programmes വിജയകരമായി നടത്തുന്നുണ്ട്. പി.ജി.തലത്തിൽ CBCS (Choice Based Credit System) ഗവേഷണ താൽപര്യം വളർത്താൻ ഉതകുന്ന തരത്തിൽ പ്രത്യേക വിഭാവനം ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ ഗവേഷണത്തിന് കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനായി എല്ലാവർഷവും പി.എച്ച്.ഡി എൻട്രൻസ് ടെസ്റ്റ് നടത്തുന്നുണ്ട്. നെറ്റ് പരീക്ഷ പാസായവരെയും യു.ജി.സി, കെ.എസ്.സി.എസ്.ടി.ഇ പോലുള്ള ഏജൻസികളിൽ നിന്നുള്ള സ്കോളർഷിപ്പ് ഉള്ളവരെ ടെസ്റ്റിൽ നിന്നും ഒഴിവാക്കുകയും എൻട്രൻസ് ടെസ്റ്റ് ബാധകമായവരിൽ ടെസ്റ്റ് വിജയിച്ച് ഗവേഷണത്തിനായി അർഹരായ വിദ്യാർത്ഥികളിൽ മറ്റൊരു വിധത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കാത്തവർക്ക് പ്രതിമാസം 10000/- രൂപ (പതിനായിരം രൂപ) യൂണിവേഴ്സിറ്റി ഫെലോഷിപ്പായി നൽകിവരുന്നുണ്ട്. |
| (സി) | ലോകപ്രശസ്ത ശാസ്ത്രജ്ഞരുമായി സമ്പർക്കം സൃഷ്ടിക്കാനുദ്ദേശിച്ചുകൊണ്ടുള്ള എറുഡെറ്റ് പദ്ധതി, മെന്ററിംഗ് പ്രോഗ്രാമായ വാക് വിത് ദ സ്കോളർ തുടങ്ങിയവ ഫലപ്രദമായി പ്രാവർത്തികമാക്കാൻ നടത്തുന്ന പ്രവർത്തനം എന്താണെന്ന് അറിയിക്കാമോ? | (സി) | ഇൻഡ്യയിലും, വിദേശത്തുമുള്ള അക്കാദമിക് തലത്തിൽ പ്രാവീണ്യം പുലർത്തുന്ന വ്യക്തികളുമായി സംവദിക്കാൻ, സർവ്വകലാശാലകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്ന കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ പദ്ധതിയാണ് 'എറുഡൈറ്റ് പദ്ധതി'. എറുഡൈറ്റ് പദ്ധതിയുടെ ഭാഗമായി, സർവ്വകലാശാല സന്ദർശിക്കുന്ന എറുഡൈറ്റ് സ്കോളർ വിദ്യാർത്ഥികളുമായി സംവദിക്കുകയും, അതാത് വിഷയങ്ങളിൽ പ്രഭാഷണം നടത്തുകയും ചെയ്യുന്നു. ഇതിനോടനുബന്ധിച്ച് വർക്ക്ഷോപ്പുകളും |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കാറുണ്ട്. അതോടൊപ്പം തന്നെ വിദേശ സർവ്വകലാശാലകളുമായി സഹകരിച്ച് കൊണ്ടുള്ള ഗവേഷണ പ്രവർത്തനങ്ങളും സർവ്വകലാശാലകളിൽ ആവിഷ്കരിക്കുന്നുണ്ട്. 2009-10 ൽ ആരംഭിച്ച ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ 300 ഓളം പണ്ഡിതരെ സംസ്ഥാനത്തെ കോളേജുകളിലും സർവ്വകലാശാലകളിലുമായി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദേശ സർവ്വ കലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ഇന്ത്യൻ വംശജരായ പ്രമുഖ പണ്ഡിതരെ സംസ്ഥാനത്തെ കോളേജുകളിലും സർവ്വകലാശാലകളിലും എത്തിക്കുക എന്ന ആശയം - (ബ്രെയിൻ ഗെയിൻ), എറുഡൈറ്റ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ രണ്ട് നോബൽ സമ്മാന ജേതാക്കൾ അടക്കമുള്ള പണ്ഡിതരെ എറുഡൈറ്റ് പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് എത്തിച്ചിട്ടുണ്ട്. മെന്ററിംഗ് പ്രോഗ്രാമായ വാക് വിത്ത് എ സ്കോളർ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനും ഏകോപനത്തിനുമായി കോളേജ്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. കോ-ഓർഡിനേറ്റർമാർക്കായി ORIENTATION PROGRAMME നടത്തുന്നുണ്ട്. ടി പദ്ധതി മൂലം ഉണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തുന്നത് തിരുവനന്തപുരം |

| | | | |
|---|---|---|---|
| | | | സർക്കാർ വനിതാ കോളേജ് സൈക്കോളജി വിഭാഗമാണ്. ടി പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കായി Internal Mentoring, External Mentoring, Motivation Tour, Signature Pedagogy എന്നിവ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ